**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ എയിംസ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ അവഗണന തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നിങ്ങനെ 12-ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIMS അനുവദിച്ചിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ ബഹു.മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി തലത്തിൽ കേന്ദ്ര സർക്കാരുമായി നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കൂടാതെ കിനാലൂരിലെ നിർദ്ദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18/05/2022-ലെ കത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള എന്തെല്ലാം | (ബി) | ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ |

| | | | |
|---|---|---|---|
| | പ്രാഥമിക നടപടികളാണ് സംസ്ഥാന സർക്കാർ ഇതിനകം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും G.O(Rt)No.2523/2021/H&FWD dated: 17.11.2020 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ, ഭൂമി ലാന്റ് അക്വീസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചു വരികയും ചെയ്യുന്നു. G.O(Rt)No.722/2022/ID dated: 26/07/2022 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13(PV) എന്ന ശീർഷകം G.O(Rt)No.1414/2022/H&FWD date: 17.06.2022 പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുമുണ്ട്. |
| (സി) | സംസ്ഥാനത്തിന് എയിംസ് അടക്കമുള്ള പദ്ധതികൾ ലഭ്യമാക്കുന്നതിൽ കേരളത്തിലെ പാർലമെന്റ് അംഗങ്ങളിൽ നിന്നും വേണ്ടത്ര സഹകരണം ലഭിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് എയിംസ് അടക്കമുള്ള പദ്ധതികൾ ലഭ്യമാക്കുന്ന വിഷയം എം.പി മാരുടെ യോഗങ്ങളിലെ അജണ്ടയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം കേന്ദ്ര പദ്ധതികൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ശ്രമം തുടരുമോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് എയിംസ് അടക്കമുള്ള കേന്ദ്ര പദ്ധതികൾ ആരംഭിക്കുന്നതിന് നിരന്തരമായ പരിശ്രമം സർക്കാർ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ